# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.412

## 29-01-2019 ൽ മറുപടിക്ക്

## ഇരവിപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

| ചോദ്യം<br>ശ്രീ. എം. നൗഷാദ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇരവിപുരം നിയോജകമണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | ഇരവിപുരം നിയോജകമണ്ഡലത്തിലെ 8 പ്രവൃത്തികൾക്കാണ് കിഫ്ബി ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) കിഫ്ബി പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിയുടെ കീഴിൽ താല്കാലിക എൽ.എ. യൂണിറ്റ് ആരംഭിക്കുന്നതിന് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിച്ച ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ? | കിഫ്ബി പദ്ധതികളുടെ നടത്തിപ്പിന് ഭൂമി ഏറ്റെടുക്കൽ ജോലികൾ വേഗത്തിലും സമയബന്ധിതമായും നടത്തുന്നതിനായി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ നാലു മേഖലകളിലായി പ്രത്യേക എൽ.എ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കിഫ്ബിയുടെ ഒൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിക്കുകയും പ്രസ്തുത എൽ.എ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശ സർക്കാറിൽ സമർപ്പിക്കുകയും ചെയ്തു. ആയതിന്മേൽ വിശദ പരിശോധനകൾക്ക് ശേഷം നാല് എൽ .എ യൂണിറ്റുകളിലേക്കുമായി 52 പുതിയ തസ്തികകൾ സൃഷ്ടിക്കുവാനും അവയിൽ 28 എണ്ണത്തിൽ പുനർ വിന്യാസം നടത്തുവാനും, ആയത് സാധ്യമല്ലാത്ത പക്ഷം സ്ഥിര നിയമനം നടത്തുവാനും, ബാക്കിയുള്ള 24 തസ്തികകളിൽ കിഫ്ബിക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുവാനും ധനകാര്യ വകുപ്പ് ശിപാർശ ചെയ്തുകൊണ്ട് 21/01/2019 ലെ നം. E-1011865/EXP-A2/573/2018- ധന, അനൗദ്യോഗിക കുറിപ്പ് പ്രകാരം റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl. No. | Department Name | Sub Project Name | Project Outlay (Rs. In | Work Status |
|---|---|---|---|---|
| 1 | PWD | Improvements to Kallupalam - Eravipuram - Thannimukku - Mayyanad road | 23.91 | Work Started |
| 2 | PWD | Construction of ROB in lieu of LC No. 547 at Eravipuram, Kollam | 31.6 | LA in progress |
| 3 | PWD | Improvements to Ayathil-Pallimukku Road | 10.81 | Work Started |
| 4 | General Education | PPE Mission- Upgradation of one school in each constituency - Kollam District-Phase 2<br><br>Mayyanad Vellamanal Govt. H.S.S | 39.74 | Work Started |
| 5 | General Education | Betterment of infrastructure facilities in 229 schools-Kollam Cluser 2 - Phase 1<br><br>Iravipuram Govt. V.H.S.S | 9 | Work Awarded |
| 6 | Water Resources | WSS in 10 muncipalities-Augmentation of Water Supply Scheme to Kollam Corporation Phase –II | 235 | Work Awarded |
| 7 | Water Resources | Replacement of Transmission Mains in Kollam Circle | 37.33 | KIIFB approval Granted |
| 8 | PWD | Construction of ROB at Mayyanad Kollam | 25.95 | KIIFB approval granted |